ഭരണഭാഷ - മാതൃഭാഷ

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : ജാഫർ മലിക് IAS)

തിരുവനന്തപുരം,
തീയതി. 20.07.2018.

ഉത്തരവ് നമ്പർ: **D6-5035/18**

---

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന വിദ്യാകിരണം പദ്ധതി - ഫണ്ട് മുൻകൂറായി അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സ.ഉ. (സാധാ)നം. 369/2018/സാ.നീ.വ., തീയതി. 22.06.2018.
2. ഈ കാര്യാലയത്തിലെ 19.06.2018-ലെ മേൽ നം. സർക്കുലർ.

സാമ്പത്തിക പരാധീനതമൂലം ദുരിതമനുഭവിക്കുന്ന ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ (ആരെങ്കിലും ഒരാൾ/രണ്ടുപേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന 'വിദ്യാകിരണം' പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി 1,78,50,000/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയുടെ നടത്തിപ്പ്, അപേക്ഷ സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രസ്തുത സ്കീം സമയ ബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിനായി സർക്കാർ അനുവദിച്ച 1,78,50,000/- രൂപ 4 വിഭാഗങ്ങളിൽ 50 കുട്ടികൾ വീതം എന്ന കണക്കിൽ ഒരു ജില്ലയിൽ 200 കുട്ടികൾക്കായാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ നിന്നും ഓരോ കാറ്റഗറിയിലെയും 25 കുട്ടികൾ വീതം ആകെ 100 കുട്ടികൾക്കായി 50% തുക മുൻകൂറായി ചുവടെപ്പറയുന്ന പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഓഫീസ് | അനുവദിക്കുന്ന തുക |
|---|---|---|
| 1. | ജില്ലാ സാമൂഹ്യനീതി ഓഫീസർ തിരുവനന്തപുരം | 6,37,500/- |
| 2. | ജില്ലാ സാമൂഹ്യനീതി ഓഫീസർ കൊല്ലം | 6,37,500/- |
| 3. | ജില്ലാ സാമൂഹ്യനീതി ഓഫീസർ പത്തനംതിട്ട | 6,37,500/- |
| 4. | ജില്ലാ സാമൂഹ്യനീതി ഓഫീസർ ആലപ്പുഴ | 6,37,500/- |
| 5. | ജില്ലാ സാമൂഹ്യനീതി ഓഫീസർ കോട്ടയം | 6,37,500/- |
| 6. | ജില്ലാ സാമൂഹ്യനീതി ഓഫീസർ ഇടുക്കി | 6,37,500/- |
| 7. | ജില്ലാ സാമൂഹ്യനീതി ഓഫീസർ എറണാകുളം | 6,37,500/- |
| 8. | ജില്ലാ സാമൂഹ്യനീതി ഓഫീസർ തൃശ്ശൂർ | 6,37,500/- |

| | | |
|---|---|---|
| 9. | ജില്ലാ സാമൂഹ്യനീതി ഓഫീസർ പാലക്കാട് | 6,37,500/- |
| 10. | ജില്ലാ സാമൂഹ്യനീതി ഓഫീസർ മലപ്പുറം | 6,37,500/- |
| 11. | ജില്ലാ സാമൂഹ്യനീതി ഓഫീസർ കോഴിക്കോട് | 6,37,500/- |
| 12. | ജില്ലാ സാമൂഹ്യനീതി ഓഫീസർ വയനാട് | 6,37,500/- |
| 13. | ജില്ലാ സാമൂഹ്യനീതി ഓഫീസർ കണ്ണൂർ | 6,37,500/- |
| 14. | ജില്ലാ സാമൂഹ്യനീതി ഓഫീസർ കാസർഗോഡ് | 6,37,500/- |
| | ആകെ | 89,25,000/- രൂപ |

(എൺപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം)

ഇത് സംബന്ധിച്ച ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനായി അനുവദിക്കുന്ന തുക പരാമർശം (2)ലെ സർക്കുലർ പ്രകാരം വിനിയോഗിക്കേണ്ടതും തുടർന്ന് ശേഷിക്കുന്ന ഫണ്ടിനായി 15.11.18ന് മുൻപ് സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അലോട്ട്മെന്റ് നൽകിയിട്ടുള്ള തുക വിനിയോഗിക്കുന്നതിന് തുടർ അനുമതി തേടേണ്ടതില്ല. വിനിയോഗിച്ച തുക സംബന്ധിച്ച വിവരം, ഗുണഭോക്തൃ ലിസ്റ്റ്, ധനവിനിയോഗ സർട്ടിഫിക്കറ്റ് സഹിതം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

പകർപ്പ്:-

1. സൂപ്രണ്ട്, എ സെക്ഷൻ
2. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
3. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്